A

# സമഗ്രശിക്ഷാ കേരളം
# അർധവാർഷിക മൂല്യനിർണ്ണയം 2023-24

GI 502

## മലയാളം
## കേരളപാഠാവലി

ക്ലാസ് : 5 സമയം: 2 മണിക്കൂർ

## *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ)സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. ഓരോ പ്രവർത്തനത്തിന്റെയും സ്കോർ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറ് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ആദ്യത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതുക. ബാക്കിയുള്ള 5 പ്രവർത്തനത്തിൽ 4 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം : 1 വായിക്കാം എഴുതാം**

**പഠനനേട്ടം : ആശയഗ്രഹണ വായനയ്ക്കുശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു.**

**സൂചകങ്ങൾ**

എ) വീടും മരവും തൊടിയും (1)
ബി) അടിയിൽ നിന്ന് നോക്കിയാൽ (1)
സി) മഴകൊള്ളാൻ (1)
ഡി) കുന്ന് (1)
ഇ) പ്രകൃതിയെ അറിഞ്ഞ് നടക്കാം (1)

**പ്രവർത്തനം : 2 ലഘുകുറിപ്പ്**

**പഠനനേട്ടം : കണ്ടതൊ കേട്ടതൊ വായിച്ചറിഞ്ഞതൊ ആയ കാര്യങ്ങൾ യുക്തിപൂർവം വിശകലനം ചെയ്യുന്നു. സ്വാഭിപ്രായം എഴുതുന്നു.**

**സൂചകങ്ങൾ**

1. വാർത്തകൾ വിശകലനം ചെയ്ത് പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട് (1)
2. വായനക്കാരനെ സ്വാധീനിക്കാൻ പര്യാപ്തമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1)
3. പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)
4. സംക്ഷിപ്തത, ആശയക്രമീകരണം എന്നിവ പാലിച്ചെഴുതിയിട്ടുണ്ട്. (1)

**ബി)** നാദത്തിന്റെ തരംഗം (1)

**പ്രവർത്തനം : 3 താരതമ്യക്കുറിപ്പ്**

**പഠനനേട്ടം : സാഹിത്യകൃതികളിലൂടെ ആവിഷ്കരിക്കപ്പെട്ട വ്യത്യസ്ത അനുഭവങ്ങൾ സ്വാംശീകരിച്ച് അവയെ വ്യാഖ്യാനിച്ച് സ്വാനുഭവങ്ങളിലൂടെ താരതമ്യം ചെയ്യുന്നു.**

**സൂചകങ്ങൾ**

1. താരതമ്യത്തിനു വിധേയമായ രചനകളിലെ സവിശേഷതകൾ വ്യക്തമാക്കുന്ന തരത്തിലുള്ള ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് (1)
2. നിഗമനങ്ങളും കണ്ടെത്തലുകളും താരതമ്യം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്. (1)
3. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)

4. ആശയങ്ങൾ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം : 4 കത്ത്**

**പഠനനേട്ടം : പാഠഭാഗങ്ങളിൽ നിന്നു നേടിയ ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.**

**സൂചകങ്ങൾ**

1. കത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (ആര്, ആർക്ക്, എവിടെനിന്ന്, ഉപസംഹാരം, പേര്, ഒപ്പ്) (1)
2. അനുയോജ്യമായ ഭാഷാശൈലി, സവിശേഷ പ്രയോഗങ്ങൾ ഇവ ഉപയോഗിച്ചിട്ടുണ്ട്. (1)
3. ഭാവം, വൈകാരികത എന്നിവ ഉൾക്കൊണ്ട് ആശയം അവതരിപ്പിച്ചിട്ടുണ്ട്. (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

**ബി) പിശുക്ക്** (1)

**പ്രവർത്തനം 5 : കഥാപാത്രനിരൂപണം**

**പഠനനേട്ടം : കഥാപാത്രങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കഥാപാത്രനിരൂപണം തയ്യാറാക്കുന്നു.**

**സൂചകങ്ങൾ:**

1. കഥാപാത്രത്തെ വിശകലനം ചെയ്ത് കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. (1)
2. സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും ശക്തമായും ആകർഷകമായും അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. (1)
3. അനുയോജ്യമായ രീതിയിൽ ഭാഷാഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി എന്നിവ ഉപയോഗിച്ചിട്ടുണ്ട്. (1)
4. കഥാപാത്രത്തിന്റെ ശക്തി ദൗർബല്യങ്ങൾ , ജീവിതവീക്ഷണം, സ്വഭാവം എന്നിവ ഉദാഹരണങ്ങളും തെളിവുകളും ഉപയോഗിച്ച് വിശകലനം ചെയ്തിട്ടുണ്ട്. (1)

**ബി) മുല്ല** (1)

**പ്രവർത്തനം : 6 ശീർഷകം നൽകി ഔചിത്യം വ്യക്തമാക്കുക.**

**പഠനനേട്ടം : വായിച്ചത് സംക്ഷിപ്തമായി അവതരിപ്പിച്ച് ശീർഷകം നൽകി സ്വാഭിപ്രായം സ്ഥാപിക്കുന്നു.**

**സൂചകങ്ങൾ**

1. കഥയിലെ ആശയത്തിനും കഥാപാത്ര സൃഷ്ടിക്കും അനുയോജ്യമായ ശീർഷകം നൽകിയിട്ടുണ്ട് (1)
2. സംക്ഷിപ്തവും ആകർഷകവുമായി ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)
3. സ്വാഭിപ്രായം യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

(ബി) ടോട്ടോചാൻ (1)